PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

First Session—1956.

Friday, the 2nd March 1956.

Vol. XV. OFFICIAL REPORT No. 5

The Assembly met in the Assembly Chamber, Trivandrum at Eight of the Clock, on Friday, the 2nd March 1956, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ഒന്നാം പഞ്ചവത്സരപദ്ധതി.

* 53. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംപഞ്ചവത്സരപദ്ധതിയിൽ ആകെ ഗവണ്മെൻറ് ചെലവു ചെയ്യുവാൻ ഉദ്ദേശിച്ചിരുന്ന സംഖ്യ എന്തു;

(ബി) അതിൽ 1956 ജനുവരി 30-ാംതു വരെ ചെലവായ സംഖ്യ എത്ര;

(സി) ബാക്കി ചെലവു ചെയ്യുവാനുള്ളതു് എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 3003 ലക്ഷം രൂപ ആകെ ചെലവു ചെയ്യുവാൻ ഉദ്ദേശിച്ചിരുന്നു.

(ബി) 1955 ഡിസംബർ അവസാനം വരെ 2353.88 ലക്ഷം രൂപ ചെലവായിട്ടുണ്ടു്.

(സി) 649.12 ലക്ഷം രൂപ ആണു് ബാക്കി ചെലവു ചെയ്യാനുള്ളതു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ സംഖ്യ മുഴുവനും ഒന്നാംപഞ്ചവത്സരപദ്ധതിയുടെ കാലം അവസാനിക്കുന്നതിനു മുമ്പുതന്നെ ചെലവു ചെയ്യാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഇനം തിരിച്ചുള്ള എസ്റ്റിമേറ്റ് മുഴുവൻ തരുമ്പോഴെ അറിയാൻ കഴിയുകയുള്ളൂ.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഇവിടെ പറഞ്ഞിട്ടുള്ളതു് ഏതു ഗവണ്മെൻറിന്റെ കണക്കനുസരിച്ചാണു് ? ഈ ഗവണ്മെൻറിന്റെ ആണോ, അതോ ട്രാവണ്മെൻറിന്റെ ആണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ ഗവണ്മെൻറിന്റെ കണക്കനുസരിച്ചാണു്.

ശ്രീ. സി. എ. മാത്യു : ഏതെല്ലാം കാര്യങ്ങൾക്കാണു് ഈ തുക ചെലവാക്കുന്നതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ വിവരങ്ങളൊക്കെ ബഡ്ജറ്റിൽ കാണും. ഇപ്പോൾ പറഞ്ഞിട്ടുള്ള വിവരം ഡിസംബർ അവസാനം വരെയുള്ള കണക്കനുസരിച്ചാണു്.

എംപ്ലായ്മെൻറ് എക്സ്ചേയിഞ്ച്.

* 54. [3] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ജനുവരി മുതൽ 1955 ഡിസംബർവരെ സ്റ്റേറ്റിലുള്ള എംപ്ലായ്മെൻറ് എക്സ്ചേയിഞ്ചുകളിൽ എത്രപേർ തങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) അതിൽ എത്രപേർക്കു് ജോലി കൊടുക്കുവാൻ സാധിച്ചിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 1955 ജനുവരി മുതൽ ഡിസംബർവരെ സംസ്ഥാനത്തുള്ള എംപ്ലായ്മെൻറ് എക്സ്ചേയിഞ്ചുകളിൽ 43,223 ആളുകളുടെ പേരുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ബി) അതിൽ 5978 പേർക്കു് ജോലി കൊടുക്കാൻ സാധിച്ചിട്ടുണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : എംപ്ലായ്മെൻറ് എക്സ്ചേഞ്ചുകളിൽ സീനിയോറിറ്റി അനുസരിച്ചാണോ ജോലിക്കു് എടുക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്റ്റിക്ട് സീനിയോറിറ്റി അനുസരിച്ചു മിരിക്കുകയില്ല. പല കായ്ക്കും കുറച്ചു ആളുകളെ എടുക്കും. കല്ലാശാരിവേലയ്ക്കും മരാശാരി വേലയ്ക്കും മറ്റും ആളുകളെ ആവശ്യപ്പെടും. അപ്പോൾ കൃത്യമായി സീനിയോറിറ്റി നോക്കി നിയമിക്കുവാൻ സാധ്യമായിരിക്കുകയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : എംപ്ലായ്മെൻറ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്യാൻ ചെല്ലുമ്പോൾ അവരുടെ പേരു് രജിസ്റ്റർ ചെയ്യാതെ ചിറ്റ കൊടുത്തയയ്ക്കുകയാണു് പതിവു്.

LIBRARY ARCHIVES Kerala Legislative Assembly